കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ

50 [2242] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് 1988 മുതൽ 1991 ഫെബ്രുവരി വരെ പെൻഷൻ ഇനത്തിൽ എന്തുതുക സർക്കാർ ചെലവഴിച്ചു;

(ബി) ജില്ല തിരിച്ച് എത്ര കശുവണ്ടി തൊഴിലാളികൾക്ക് പ്രതിവർഷം ഇക്കാലയളവിൽ പെൻഷൻ നൽകി; എന്തു തുക ഓരോ ജില്ലയിലും ഇതിനുവേണ്ടി ഇക്കാലയളവിൽ പ്രതിവർഷം ചെലവഴിച്ചു?

ഉത്തരം

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിലേക്കായി 1990 ഡിസംബർ 31 വരെ 20,90,550 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേക്ക് പിരിഞ്ഞു കിട്ടിയ തുക

51 [2243] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വ്യവസായത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് 1991 മാർച്ച് 15-ാം തീയതി വരെ എന്തു തുക പിരിഞ്ഞു കിട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) കാർത്തികപ്പള്ളി താലൂക്കിൽ ഈ കാലയളവിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(സി) കാർത്തികപ്പള്ളി താലൂക്കിൽ എത്ര മദ്യ വ്യവസായ ശാലകളാണ് പ്രവർത്തിക്കുന്നത്;

(ഡി) ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥൻമാർ ഈ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിലും ജോലിയെടുക്കുന്ന തൊഴിലാളികളുടെ പേരു വിവരം വ്യക്തമാക്കുമോ;

(എഫ്) ക്ഷേമനിധി ഉദ്യോഗസ്ഥന്മാർ നേരിട്ട് പരിശോധിച്ചപ്പോൾ ബോധ്യമായ തൊഴിലാളികളുടെ സ്ഥാനത്ത് വേറെ തൊഴിലാളികളെ പുറം വാതിലിലൂടെ കൊണ്ടുവരാൻ ശ്രമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് 1991 മാർച്ച് 15 വരെ 4,45,66,704.21 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly